# ആരോഗ്യവകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

**വിഷയം**:- ആരോഗ്യവകുപ്പ്-ജീവനക്കാര്യം- ഡൈവർ തസ്കയിലെ അനുപാതം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം**:- 1. 3-6-2013 ലെ 267/2013/(162)/നംപരായിട്ടുള്ള ധനവകുപ്പ് സർക്കാർ ഉത്തരവ്.
2.27.5.2014 -ലെ എച്ച്.റ്റി5-89864/2013/(02) ആ.വ.ഡ നംപർ ഉത്തരവ്.
3.25-1-2016 ലെ സർക്കാർ ഉത്തരവ് (കൈ) 17/2016/ആ.കു.(ഇ).വ
4.10.7.2018-ലെ എച്ച്.റ്റി.5-28111/15/ആ.വ.ഡ. നംപർ കത്ത്.

## ഉത്തരവ് നം. എച്ച്.റ്റി 5-28111/2015/ആ.വ.ഡ തീയതി :13.08.2018

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ഡ്രൈവർമാരുടെ അനുപാതം ഡ്രൈവർ ഗ്രേഡ്.2, ഡ്രൈവർ ഗ്രേഡ്.1 സീനിയർ ഗ്രേഡ് ഡ്രൈവർ എന്നിവ 1: 1: 1 എന്ന തലത്തിലും സീനിയർ ഗ്രേഡ് ഡ്രൈവർമാരുടെ തസ്തികയിൽ നിന്ന് 10% സെലക്ഷൻ ഗ്രേഡിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവ് ഭേദഗതി വരുത്തി പുറപ്പെടുവിച്ചിരുന്നു.

പരാമർശം രണ്ട് ഉത്തരവ് പ്രകാരം ആരോഗ്യവുപ്പിൽ അനുവദിച്ചിട്ടുള്ള ഡ്രൈവർ തസ്തികകളിലെ അനുപാതം ക്രമീകരിച്ച് ഉത്തരവായിരുന്നു.

പരാമർശം മൂന്ന് ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിലെ 18- ഡ്രൈവർ തസ്തികകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിൽ സ്ഥിരമായി വിന്യസിച്ച് ജീവനക്കാരെ അബ്സോർബ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ അനുപാതം പുതുക്കി ഭേദഗതി ചെയ്യുന്നതിലേയ്ക്കായി പരാമർശം (4) പ്രകാരം 14- ജില്ലാ മെഡിക്കൽ ഓഫിസർമാരോടും പ്രസ്തുത ജില്ലകളിലെ ഡ്രൈവർമാരുടെ തസ്തിക സംബന്ധിച്ച വിവരങ്ങൾ സമർപ്പിയ്ക്കുവാൻ നിർദ്ദേശിച്ചിരുന്നു.അയതിന്റെ അടിസ്ഥാനത്തിൽ 14-ജില്ലാ മെഡിക്കൽ ഓഫീസർമാരും ഡ്രൈവർ തസ്തികയിലെ വിവരങ്ങൾ നല്കുകയുണ്ടായി.

14- ജില്ലാ മെഡിക്കൽ ഓഫീസർമാർ നല്കിയ പ്രസ്തുത തസ്തിക സംബന്ധിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ച് ജില്ലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലേയും ആരോഗ്യവകുപ്പ് കാര്യാലയത്തിലെയും ഉൾപ്പെടെ ആരോഗ്യവകുപ്പിൽ നിന്നു ഭക്ഷ്യസുരക്ഷാ വകുപ്പിലേയ്ക്ക് സ്ഥിരമായി വിന്യസിച്ച ഡ്രൈവർ തസ്തികകൾ കുറവ് വരുത്തി ശേഷിയ്ക്കുന്ന 666 ഡ്രൈവർ തസ്തികകളാണ് നിലവിൽ ഉള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്.

മേൽ 666- ഡ്രൈവർ തസ്തികകൾ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

ഡ്രൈവർ ഗ്രേഡ്- 2 - 222

ഡ്രൈവർ ഗ്രേഡ്-1 - 222

സീനിയർ ഗ്രേഡ് ഡ്രൈവർ- 200

സെലക്ഷൻ ഗ്രേഡ് ഡ്രൈവർ- 22

ഒപ്പ്/-
**സി.എം. അജയമോഹൻ,**
**സീനിയർഅഡ്മിനിസ്ട്രേറ്റീവ്ആഫീസർ**

പകർപ്പ്:-1.ആരോഗ്യ വകുപ്പ് ഡയറക്ടർ/സീനിയർ എ.ഒ
(സി.എ.മുഖേന)
2.എല്ലാ ജില്ലാ മെഡിക്കൽ ഓഫിസർമാർക്കും
(വെബ്സൈറ്റ് മുഖാന്തിരം)
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4.ഫയൽ/സ്റ്റോക്ക് ഫയൽ.

**//അംഗീകാരത്തോടെ//**

//സീനിയർ സൂപ്രണ്ട്//